**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

## 21.01.2022 -ന് രാവിലെ 10.30-ന് Zoom വീഡിയോ കോൺഫറൻസ് വഴി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 24–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഓൺലൈൻ യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ ഐഎഎസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർപേഴ്സൺ** |
| 2 | ശ്രീ. സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്, ഡയറക്ടർ, ഐ.ടി.മിഷൻ | **മെമ്പർ** |
| 3 | ശ്രീ. അനിൽകുമാർ എം, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 4 | ശ്രീ. രാജേഷ് കുമാർ. എം, അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ് | **മെമ്പർ** |
| 5 | ശ്രീ. അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 6 | ശ്രീ. കെ.പ്രേംകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

**വിഷയം: 17.09.2021 ന് നടന്ന ഇരുപത്തിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

17.09.2021 ന് കൂടിയ ഇരുപത്തിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം സ്ഥിരീകരിച്ചു.

**അജണ്ട-2**

**വിഷയം: ഇരുപത്തിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

ഇരുപത്തി രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

**തീരുമാനം**

Deputy Director (Research & Development) എന്ന തസ്തികയിലേക്ക് അടിയന്തിരമായി ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാർ ചെയർപേഴ്സൺ നിർദ്ദേശിച്ചു.

**അജണ്ട-3**

**വിഷയം: കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശേഷം (17.09.2021) ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശേഷം (17.09.2021) ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. ആയതിമേൽ ചർച്ചനടത്തുകയും ചെയ്തു.

സിറ്റിസൺ സർവ്വീസ് പോർട്ടൽ വഴി നൽകുന്ന 213 സേവനങ്ങൾ തദ്ദേശ ഭരണതലത്തിൽ പൊതുജനങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന് ചെയർപേഴ്സൺ (തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി) യോഗത്തിൽ അറിയിച്ചു. പൊതുജനങ്ങൾ ഈ പോർട്ടൽ വഴി സേവനങ്ങൾ ഉപയോഗിക്കുന്നില്ലെങ്കിൽ അതിന് കാരണം എന്തായിരിക്കും, COVID പ്രതിസന്ധി ആയിരുന്നിട്ടുകൂടി ഇത് വേണ്ടത്ര ഉപയോഗിക്കാത്തതിനു കാരണം പരിശോധിക്കേണ്ടതുണ്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഇത് നിർബന്ധിക്കാത്തതുകൊണ്ടാണോ, ടെക്നിക്കൽ പ്രശ്നങ്ങൾ ഉണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട് എന്ന് ചെയർപേഴ്സൺ യോഗത്തിൽ അഭിപ്രായപ്പെട്ടു. ആയതിനുള്ള കാരണം മനസിലാക്കേണ്ടതുണ്ട്. പഞ്ചായത്ത് ഡയറക്ടറും, അർബൻ ഡയറക്ടറും, ഐ.കെ.എമ്മും ചേർന്ന് സംയുക്തമായി ആയത് പരിശോധിക്കേണ്ടതാണെന്ന് ചെയർപേഴ്സൺ യോഗത്തിൽ നിർദ്ദേശിച്ചു.

വേണ്ടത്ര പബ്ലിസിറ്റി ലഭിച്ചിട്ടുണ്ടോ എന്നുള്ളത് ഇതിന് ഒരു കാരണം ആയിരിക്കാം എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു. എന്തുകൊണ്ടാണ് ഈ സേവനങ്ങൾ ഓൺലൈനായി ഉപയോഗിക്കാത്തത്, ആയതിൽ കാലതാമസം ഉണ്ടോ എന്നുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തെ അറിയിച്ചു.

കൂടാതെ കൊച്ചി കോർപ്പറേഷന്റെ പഴയ റിക്കോർഡുകൾ പോർട്ടിംഗ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന് ചെയർപേഴ്സൺ ആരാഞ്ഞു. ഇതു സംബന്ധിച്ച് ഒരു യോഗം ഐ.ടി. സെക്രട്ടറി 22 ജനുവരിയിൽ വിളിച്ചിട്ടുണ്ടെന്ന് ഐ.ടി.മിഷൻ ഡയറക്ടർ അറിയിച്ചു.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ILGMS മറ്റുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെ ആയി എന്നും, തീരുമാനിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുമോ എന്നും ചെയർപേഴ്സൺ ആരാഞ്ഞു.

ILGMS സോഫ്റ്റ്‌വെയർ ക്ലൗഡ് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ആയതിന്റെ Testingഉം മറ്റും നടന്നുകൊണ്ടിരിക്കുകയാണെന്നും, ആയത് അടുത്ത ആഴ്ച്ചയോടുകൂടി പൂർത്തീകരിക്കുന്നതാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. അതിനു ശേഷം ഡേറ്റാ മൈഗ്രേഷൻ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണെന്നും, നേരത്തെ നിശ്ചയിച്ചിട്ടുള്ളതുപോലെ 2022 മാർച്ചോടുകൂടി എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് revamp ചെയ്യുന്നതിനെ കുറിച്ചും ചെയർപേഴ്സൺ ആരാഞ്ഞു. നിലവിലെ UI/UX design വളരെയധികം മാറ്റി പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ മാറ്റണം.

ഐ.കെ.എം Startup മിഷനുമായി സഹകരിച്ച് ഏതെങ്കിലും Startup കമ്പനിയുമായി ചേർന്ന് വെബ്സൈറ്റ് Revamp ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചു. NID പോലുള്ള സ്ഥാപനങ്ങൾ പരിഗണിക്കാം, വേഗത ഉറപ്പാക്കിക്കൊണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ എങ്ങനെ അപ്ഡേറ്റ് ചെയ്യാം എന്നും, നിലവിൽ ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങൾ ഏതുവരെ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്, അവസാനമായി അപ്ഡേറ്റ് നടത്തിയത് എന്നാണ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഐ.കെ.എം പരിശോധിച്ച് ഇത് സംബന്ധിച്ച ഒരു അറിയിപ്പ് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നൽകി ആയതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ചെയർപേഴ്സർ (തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി) നിർദ്ദേശിച്ചു.

**അജണ്ട-4**

**വിഷയം: ശ്രീ. ജോബിൻ മരുതിപ്പറമ്പിൽ, മലപ്പുറം നഗരസഭ സെക്രട്ടറിയെ അന്യത്ര സേവന വ്യവസ്ഥയിൽ ഡൊമെയിൻ എക്സ്പെർട്ടായി ജോലിയിൽ പ്രവേശിപ്പിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.**

**തീരുമാനം**

ശ്രീ. ജോബിൻ മരുതിപ്പറമ്പിൽ, മലപ്പുറം നഗരസഭ സെക്രട്ടറിയെ അന്യത്ര സേവന വ്യവസ്ഥയിൽ ഐ.കെ.എമ്മിൽ ഡൊമെയിൻ എക്സ്പെർട്ടായി ജോലിയിൽ പ്രവേശിപ്പിച്ച നടപടിക്ക് സാധൂകരണം നൽകി.

**അജണ്ട -5**

**വിഷയം: ഐ.കെ.എം മുഖേന മുനിസിപ്പാലിറ്റിയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി നോക്കിയിരുന്ന ശ്രീമതി.സിനി ആർ ന്റെ ഇ.പി.എഫ് വിഹിതം അടച്ച നടപടി സാധൂകരിക്കുന്നതിനും, ശ്രീമതി.സിനി ആർ ന്റെ ഇ.പി.എഫ് വിഹിതം തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതും സംബന്ധിച്ച്.**

**തീരുമാനം**

ശ്രീമതി.സിനി ആർ നെ ഇ.പി.എഫ് ൽ നിന്നും EXIT ചെയ്യാവുന്നതാണ്. ശ്രീമതി.സിനി ആർ ന്റെ ഇ.പി.എഫ് വിഹിതമായ 37023/- രൂപയും ഐ.കെ.എം വിഹിതമായ 37023/- രൂപയും അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ 4939/- രൂപയും കൂടി ആകെ 78,985/-രൂപ ഐ.കെ.എം അടച്ച നടപടി സാധൂകരിക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു.

**അജണ്ട -6**

**വിഷയം: ഐ.കെ.എമ്മിലെ വികലാംഗരായ ജീവനക്കാർക്ക് നൽകിവരുന്ന സ്പെഷ്യൽ അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിലെ വികലാംഗരായ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് 10.02.2021 ലെ സ.ഉ.(പി)നം.27/2021/ഫിൻ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്ന മാസം മുതൽ 1100/- രൂപ ആയി വർദ്ധിപ്പിക്കുന്നത് അംഗീകരിച്ചു.

**അജണ്ട -7**

**വിഷയം: ഐ.കെ.എം ജീവനക്കാരുടെ സ്ഥാനകയറ്റം നൽകുന്നതിന് അസസ്സ്മെന്റ് കമ്മിറ്റിയിലേക്ക് പ്രതിനിധിയെ നോമിനേറ്റ് ചെയ്യുന്നത് സംബന്ധിച്ച്.**

**തീരുമാനം**

പഞ്ചായത്ത് അഡീഷണൽ ഡയറക്ടറായ ശ്രീ.എം.പി.അജിത്കുമാറിനെ അസസ്സ്മെന്റ് കമ്മിറ്റിയിലേക്ക് പ്രതിനിധിയായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**അജണ്ട -8**

**വിഷയം: ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സോഷ്യൽ മീഡിയ സെല്ലിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

ധനകാര്യവകുപ്പ് പ്രതിനിധിയുടെയും, ഐ.ടി.മിഷൻ ഡയറക്ടറുടെയും അഭിപ്രായം ഇത്തരം കാര്യങ്ങൾ ഒഴിവാക്കേണ്ടതാണെന്നാണ്.

**തീരുമാനം**

ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സോഷ്യൽ മീഡിയ സെല്ലിലേയ്ക്ക് 1,14,417/- രൂപ വില വരുന്ന കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്ന് വാങ്ങി നൽകിയ നടപടിക്ക് സാധൂകരണവും, ഇൻവോയ്സ് ലഭ്യമാകുന്ന മുറക്ക് കെൽട്രോണിന് പണം നൽകുന്നതിന് അനുമതിയും നൽകി.

**അജണ്ട-9**

**വിഷയം: ഐ.കെ.എം ഓഫീസ് സ്ഥിതി ചെയ്യുന്ന സ്വരാജ് ഭവന്റെ കെട്ടിടത്തിൽ നെറ്റ്‌വർക്കിംഗ് ചെയ്യുതുമായി ബന്ധപ്പെട്ട് കെൽട്രോണിന് തുക നൽകിയത് സംബന്ധിച്ച്. (23-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനപ്രകാരം സമർപ്പിക്കുന്ന റിപ്പോർട്ട്)**

**തീരുമാനം**

ഐ.കെ.എം ഓഫീസ് സ്ഥിതി ചെയ്യുന്ന സ്വരാജ് ഭവന്റെ കെട്ടിടത്തിൽ നെറ്റ്‌വർക്കിംഗ് ചെയ്യുതുമായി ബന്ധപ്പെട്ട് കെൽട്രോണിന് തുക നൽകിയത് സംബന്ധിച്ച റിപ്പോർട്ട് ഫിനാൻസ് ഓഫീസർ യോഗത്തിൽ വിശദീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നെറ്റ്‌വർക്കിംഗ് ചെയ്യുതുമായി ബന്ധപ്പെട്ട് PWD Electronics ശുപാർശ ചെയ്ത 21,61,411/- രൂപ കെൽട്രോണിന് നൽകിയ നടപടിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരണം നൽകി.

**അജണ്ട-10**

**വിഷയം: ഐ.കെ.എമ്മിന്റെ അഞ്ചാമത് ഗവേണിംഗ് ബോഡി യോഗം കൂടുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഗവേണിംഗ് ബോഡി യോഗം ഉടൻതന്നെ ചേരുന്നതിന് ചെയർമാനോട് (ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയോട്) തീയതിയും സമയവും ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

**അജണ്ട-11**

**വിഷയം: ഐ.കെ.എമ്മിന്റെ 2019-20 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, വരവ്, ചെലവ് കണക്ക് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

2019-20 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട് എന്നും, 2020-21 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് 2022 മാർച്ച് മാസം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

ആഡിറ്റർമാരുടെ റിമാർക്ക്സിൽ വളരെ അധികം objection സ്റ്റാറ്റ്യൂട്ടറി ആഡിറ്റർ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഐ.കെ.എം റിപ്പോർട്ടും നൽകിയിട്ടുണ്ട്. എന്നാൽ കാലാകാലങ്ങളായി ഈ റിപ്പോർട്ട് അതേപടി മുന്നോട്ട് കൊണ്ടുപോകുന്നതല്ലാതെ ഇതിൽ ഒരു അന്തിമമായ തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. ഇനി ആടുത്ത ആഡിറ്റ് റിപ്പോർട്ട് വരുമ്പോൾ എങ്കിലും കുറേക്കൂടി പരിഹരിക്കുന്നതിനുള്ള ശ്രമം ഐ.കെ.എമ്മിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നും ധനകാര്യ വകുപ്പ് പ്രതിനിധി യോഗത്തിൽ അറിയിച്ചു.

മുൻകാല റിപ്പോർട്ടുകളിൽ മുപ്പത്തിഎട്ടോളം ആഡിറ്റ് റിമാർക്കുകൾ ഉണ്ടായിരുന്നതിൽ വളരെയധികം പരിഹരിച്ചിട്ടുള്ളതായും, ഇപ്പോൾ പത്തിൽ താഴെ ആയിട്ടുള്ളതായി എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ഇന്റേർണൽ ഓഡിറ്റിൽ കുറേയേറെ റിമാർക്ക് ഉണ്ടായിരുന്നു എന്നും, കുറേയേറെ പരിഹരിച്ചിട്ടുണ്ട് എന്നും, എറെ പഴക്കം ചെന്ന റിമാർക്കുകൾ carry over ചെയ്ത് വരുന്നുണ്ട് എന്ന് ഫിനാൻസ് ഓഫീസർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

മുകളിൽ സൂചിപ്പിച്ച വിരങ്ങളുടെ അടിസ്ഥാനത്തിലും, വിശദമായ ചർച്ചകൾക്ക് ശേഷം 2019-20 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, വരവ്, ചെലവ് കണക്ക് എന്നിവ അംഗീകരിച്ച് ഗവേണിംഗ് ബോഡിയിൽ അവതരിപ്പാക്കാൻ തീരുമാനിച്ചു.

**അജണ്ട-12**

**വിഷയം: ഐ.കെ.എം ഓഫീസ് പ്രവർത്തിക്കുന്നതിന് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനും, പ്രസ്തുത കെട്ടിടത്തിൽ സിവിൽ, ഇലക്ട്രിക്കൽ, നെറ്റ്‌വർക്കിംഗ് ജോലികൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എം നേരിട്ട് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.**

കെട്ടിടം വാടകയ്ക്ക് തിരഞ്ഞെടുത്തിട്ടില്ലാത്തതിനാൽ ഒന്നും പറയാൻ കഴിയില്ല. സർക്കാരിന്റെ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഇത് സംബന്ധിച്ച ഉത്തരവുകളും മാനദണ്ഡങ്ങൾക്കും വിധേയമായി വേണം ഇതിലേക്ക് പോകേണ്ടത് എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. കെട്ടിടം വാടകയ്ക്ക് എടുക്കുമ്പോൾ PWD യിൽ നിന്നും Non Availablity Certificate വാങ്ങണമെന്നും, ഐ.കെ.എമ്മിൽ ഉള്ള ജീവനക്കാരുടെ എണ്ണം അനുസരിച്ചായിരിക്കണം വിസ്തീർണ്ണം നിർണ്ണയിക്കേണ്ടത്. കെട്ടിടം തിരഞ്ഞെടുത്ത് കഴിഞ്ഞാൽ വാടക പുതുക്കേണ്ടത് Normal rate 3 വർഷത്തിന് ശേഷവും Special rate ആണെങ്കിൽ 5 വർഷത്തിന് ശേഷവും ആയിരിക്കണം, special rate ആണെങ്കിൽ സർക്കാരിന്റെ Rental committee ക്ക് പോകേണ്ടത് എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി യോഗത്തിൽ അറിയിച്ചു.

PWD യിൽ നിന്നും Non Availablity Certificate ലഭിച്ചിട്ടുള്ളതായി എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാവുന്നതാണെന്ന് യോഗം അറിയിച്ചു.

**അജണ്ട-13**

**വിഷയം: കരാർ വ്യവസ്ഥയിൽ വാഹനം ലഭ്യമാക്കുന്നതിന് ക്വൊട്ടേഷൻ ക്ഷണിക്കുന്ന നടപടി സംബന്ധിച്ച്.**

ANERT ൽ നിന്ന് ഇലക്ട്രിക് വാഹനം ലഭിക്കുന്നതുവരെ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം അതേ റേറ്റിൽ ഓടാൻ കഴിയുമോ എന്ന് വാഹന ഉടമയോട് ആവശ്യപ്പെടാവുന്നതാണെന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. ANERT ൽ നിന്ന് ഇലക്ട്രിക് വാഹനം ലഭ്യമാകാൻ കുറഞ്ഞത് 3 മാസം എങ്കിലും എടുക്കും എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഇന്ധനവിലയും മറ്റും വർദ്ധിച്ചതിനാൽ നിലവിലെ റേറ്റിൽ ഓടാൻ കഴിയില്ലെന്ന്

വാഹന ഉടമ അറിയിച്ചതായി കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ യോഗത്തെ അറിയിച്ചു.

**തീരുമാനം**

നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം അതേ റേറ്റിൽ ഓടാൻ വഹന ഉടമയ്ക്ക് സമ്മതമാണെങ്കിൽ ആയത് തുടരാവുന്നതാണ്. അല്ലെങ്കിൽ പുതിയ ക്വട്ടേഷൻ ക്ഷണിച്ച് സർക്കാർ അംഗീകൃത റേറ്റിൽ പുതിയ വാഹനം എടുക്കാവുന്നതാണ്. റേറ്റ് കൂടുതൽ ആണെങ്കിൽ സർക്കാരിലേക്ക് അംഗീകാരത്തിനായി അയക്കുവാനും തീരുമാനിച്ചു.

**അജണ്ട-14**

**വിഷയം: സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് വിഭാഗത്തിൽ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

നിലവിലെ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ ക്ലൌഡിലേക്ക് മാറ്റുകയും, ആയതിന്റെ പ്രകടന പരിശോധന നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി മറ്റു സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന രീതിയിൽ രൂപപ്പെടുത്തിയെടുത്ത് 2022 ഏപ്രിൽ മാസത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലേക്കും വിന്യസിക്കേണ്ടതുണ്ട്. ആയത് സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ നഗരസഭകളിൽ ജൂലൈ മാസത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത നഗരസഭകളിൽ വിന്യസിക്കുന്നതിനും അതോടൊപ്പം സമയബന്ധിതമായി ചെയ്തു തീർക്കേണ്ട മറ്റു പ്രോജക്ടുകളിലേക്കും അധികമായി മാനവശേഷി ആവശ്യമാണ് എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. 31.08.2017 ലെ സ.ഉ.(കൈ)നം.176/2017/തസ്വഭവ ഉത്തരവിലെ കമ്മിറ്റി ശുപാർശകളിലെ ക്രമനമ്പർ-9 ലും, ടി ഉത്തരവ് പ്രകാരം അംഗീകരിച്ച റീസ്ട്രക്ച്ചറിംഗ് റിപ്പോർട്ടിലെ സെക്ഷൻ 3.3-ലെ ഇനം 12-ൽ "As per the requirements, with the approval of the EC of IKM the Executive Director can recruit project staff for a limited period" എന്നും പറഞ്ഞിട്ടുള്ളതായി എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

അജണ്ടയിൽ പ്രതിപാദിക്കും പ്രകാരമുള്ള 13 ജീവനക്കാരെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് വിഭാഗത്തിൽ 5 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഓൺഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് നിയോഗിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**അജണ്ട-15**

**വിഷയം: 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തപ്പോൾ Tally അക്കൌണ്ട്സിൽ തെറ്റായി തുടർന്നു വന്നിരുന്ന SBI Acc.No.32328044838 നമ്പറിലുള്ള ലഡ്ജറിലെ നീക്കിയിരിപ്പ് തുക ശരിയായ അക്കൌണ്ടിലേക്ക് മാറ്റി തെറ്റായ അക്കൌണ്ട് Write off ചെയ്യുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എം ഫിനാൻസ് ഓഫീസർ വിശദമായി പരിശോധിച്ചതിനുശേഷം തെറ്റായ അക്കൌണ്ട് Write off ചെയ്യുന്നതിന് അനുമതി നൽകി.

**യോഗം 12.00 PM ന് അവസാനിച്ചു.**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**അഡീഷണൽ ചീഫ് സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**